# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26

## മാതൃക ചോദ്യപേപ്പർ

## മലയാളം - കേരളപാഠാവലി

**ക്ലാസ് – VIII** **സമയം : 1½ മണിക്കൂർ**

**ആകെ സ്കോർ : 40**

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 1 സ്കോർ വീതം (4 x 1 = 4)**

**1.** “പാടുന്ന വണ്ടുകൾക്കൊപ്പമായ്ത്തെന്നലി-
ലാടുന്ന നിങ്ങളെയാർ മറക്കും?” (പനിനീർപ്പൂവ്)
ഈ വരികളിൽ ‘നിങ്ങളെ’ എന്ന് സൂചിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?

**A.** പൂക്കളെ **B.** വണ്ടുകളെ
**C.** തെന്നലിനെ **D.** പാട്ടിനെ

**2.** ‘തിങ്കളാഴ്ച നല്ല ദിവസം’ എന്ന തിരക്കഥാഭാഗത്തെ സംബന്ധിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത്?

i. അമ്മയെ ശരണാലയത്തിൽ താമസിപ്പിക്കാനാണ് മക്കളുടെ തീരുമാനം.
ii. അമ്മയ്ക്ക് ശരണാലയത്തിൽ പോകാൻ വലിയ താൽപര്യമുണ്ട്.
iii. അമ്മ ശരണാലയത്തിലേക്ക് പോകുന്നില്ല.

**A.** (i) ഉം (ii) ഉം ശരി
**B.** (i) ഉം (iii) ഉം ശരി
**C.** (i) മാത്രം ശരി
**D.** എല്ലാം ശരിയാണ്

**3.** പാടുമ്പോൾ <u>മനഃസംതൃപ്തിയാണ്</u> പ്രധാനം.

അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

**A.** മനസ്സാകുന്ന സംതൃപ്തി **B.** മനസ്സും സംതൃപ്തിയും
**C.** മനസ്സിന്റെ സംതൃപ്തി **D.** മനസ്സെന്ന സംതൃപ്തി

4. ചുവടെ പിരിച്ചെഴുതിയവയിൽ ശരിയായത് ഏത്

i. സന്തോഷച്ചിരി - സന്തോഷ, ച്ചിരി
ii. വഴിക്കണക്ക് - വഴി, ക്കണക്ക്
iii. എന്റെയും - എന്റെ, ഉം
iv. വികൃതമായ - വികൃതം, മായ

**A.** i **B.** ii **C.** iii **D.** iv

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**
**3 സ്കോർ വീതം (3 x 3 = 9)**

5. "നിങ്ങളാരും, എത്രകാലം കഴിഞ്ഞാലും, എന്നെക്കാണാനായിട്ട് അങ്ങോട്ട് വരരുത്."
(തിങ്കളാഴ്ച നല്ല ദിവസം)

തിരക്കഥാസന്ദർഭം വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തിയെഴുതുക.

6. ഓരോ വ്യക്തിയുടെയും വിജയത്തിന് പിന്നിൽ നിരവധി ആളുകളുടെ സഹനത്തിന്റെയും കരുതലിന്റെയും കരങ്ങളുണ്ട്". (പാടിവീട്ടാത്ത കടങ്ങൾ)
ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക.

7. (A) "ഏതൊരു പാഴ്മണൽക്കാടുതാൻ നിങ്ങളാൽ-
പ്പൂതമാം നന്ദനമാകുന്നീല!" (പനിനീർപ്പൂവ്)

കവിയുടെ ഈ നിരീക്ഷണത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) "നിശ്ചലമായ കൃഷ്ണമണികളെ തൊട്ട് താഴേക്ക് ഒഴുകിയിറങ്ങിയ കണ്ണുനീരിനിടയിലും നീലകണ്ഠൻ ചിരിച്ചു. മന്ദാരപ്പൂപോലെ" (താളുകൾക്കിടയിലൊരു മയിൽപ്പീലി)
മന്ദാരപ്പൂപോലെ എന്ന പ്രയോഗത്തിന്റെ ഭംഗി വിശദമാക്കുക.

**8 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**5 സ്കോർ വീതം (4 x 5 = 20)**

8. 
- ശ്രീനാരായണഗുരുവിന്റെ വരികളാണ് ചലച്ചിത്രത്തിനുവേണ്ടി യേശുദാസ് ആദ്യം ആലപിച്ചത്. ആ വരികളുടെ സത്ത പിന്നീട് ഗായകൻ ജീവിതദർശനമാക്കി.
- ആ രണ്ടു കടങ്ങളും ജീവിതത്തിലെ വലിയ കടപ്പാടുകളാണ്. (പാടിവീട്ടാത്ത കടങ്ങൾ)

മുകളിൽ നൽകിയ സന്ദർഭങ്ങളിലെ ജീവിതസന്ദേശം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

9. ഗദ്യഭാഗം വായിച്ച് ചുവടെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സിനിമയിലെ കഥാപാത്രങ്ങൾ യഥാർഥജീവിതത്തിലെ മനുഷ്യരുടെ പ്രതിനിധികളായിട്ടു തന്നെയാണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ കഥ പറയുന്ന/ആഖ്യാനിക്കുന്ന കഥാപാത്രമാകുന്നതോടെ വിസ്മയാവഹമായ വശീകരണശക്തി അവയ്ക്ക് കൈവരുന്നു. ആഖ്യാനം

ചെയ്തുകൊണ്ടിരിക്കുന്ന സിനിമ കാഴ്ചയിലൂടെയും കഥാപാത്രത്തിലൂടെയും കഥയുടെ ഊഷ്മളമായ ചുരുൾനിവർത്തുമ്പോൾ പ്രേക്ഷകർ/കാഴ്ചക്കാർ കഥാപാത്രങ്ങളുടെ ശരീരവും ശരീരഭാഷയും വൈകാരികാവസ്ഥകളും ആഗ്രഹത്തോടെ അറിഞ്ഞ് ആസ്വദിക്കുന്നതാണ് സിനിമയെ തീക്ഷ്ണമാക്കുന്നത്. സിനിമയിൽ കഥാപാത്രത്തിനുള്ള പ്രസക്തി മനസ്സിലാക്കിവേണം തിരക്കഥയിൽ അവരെ സൃഷ്ടിക്കുവാനും പ്രകടനത്തിലൂടെ വ്യക്തിതത്വം പകർന്നു കൊടുക്കുവാനും. കഥാപാത്രങ്ങളിലൂടെ കഥപറയാൻ കഴിയുന്നില്ലെങ്കിൽ നല്ല തിരക്കഥ തന്നെ ഉണ്ടാകുന്നില്ലെന്ന വസ്തുതയും അറിഞ്ഞിരിക്കണം.

(പുതുസിനിമ - ഭാവന, ഭാഷ, ഭാവുകത്വം - ഡോ. ജോസ് കെ. മാനുവൽ)

i. കഥാപാത്രങ്ങൾക്ക് വശീകരണശക്തി കൈവരുന്നത് എപ്പോഴാണ്? (1 സ്കോർ)
ii. നല്ല തിരക്കഥയുടെ ഗുണമായി ലേഖകൻ പറയുന്നത് എന്ത്? (2 സ്കോർ)
iii. സിനിമ തീക്ഷ്ണമായ അനുഭവമാകുന്നത് എങ്ങനെയാണ്? (2 സ്കോർ)

**10.** "എങ്കിലും അന്നത്തെ ചില കഥകളിവേഷങ്ങൾ എന്റെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്. പരോക്ഷമാണെങ്കിലും അതും പിൽക്കാലത്ത് എനിക്ക് പ്രചോദനമായിട്ടുണ്ടാകാം."

(കളിവിളക്കിന്റെ തിരിനാളം)

ഇതുപോലെ നിങ്ങൾക്ക് പ്രചോദനം നൽകിയ ഒരു അനുഭവത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**11. (A)** "നിന്നുടെ ജീവിതം മോശമെന്നല്ലീ ഞാൻ
ചൊന്നതെന്നോമനേ? മാപ്പു നൽകൂ!"
പനിനീർപ്പൂവ് എന്ന കവിത നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?
കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** "ഇനി എന്റെ പങ്കുംകൂടി അനുതാര പഠിച്ചോളൂ" എന്ന് ഒരു വലിയ തമാശപോലെ പറഞ്ഞ്, ഈറനായ ഒരു പൊട്ടിച്ചിരിയുതിർത്ത് നീലകണ്ഠൻ നടന്നുനീങ്ങി -
(താളുകൾക്കിടയിൽ ഒരു മയിൽപ്പീലി)
സൂചനയും കഥയിലെ മറ്റ് സന്ദർഭങ്ങളും പരിഗണിച്ച് നീലകണ്ഠൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**താഴെത്തന്നിരിക്കുന്ന ചോദ്യത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**
**7 സ്കോർ (1 x 7 = 7)**

**12. (A)**
- അമ്മ കരയുന്നില്ല. ഒരുതരം പ്രത്യേക പ്രസന്നത. മുഖത്ത് മനഃപൂർവം കയറ്റിനിർത്തിയതുപോലെ. കാറിനടുത്തെത്തി അമ്മ നിന്നു.
(തിങ്കളാഴ്ച നല്ല ദിവസം)
- പരിചരണ ഉത്തരവാദിത്വത്തെച്ചൊല്ലിയുള്ള തർക്കം: മക്കൾ അമ്മയെ റോഡിൽ ഉപേക്ഷിച്ചു. (പത്രവാർത്തയിൽനിന്ന്)

മുകളിൽ നൽകിയ സൂചനകളും സമകാലികസംഭവങ്ങളും വിശകലനം ചെയ്ത് കുടുംബബന്ധങ്ങൾ വീണ്ടെടുക്കാം എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** ആശയം, സമകാലികപ്രസക്തി, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് ചുവടെ കൊടുത്ത കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**പൂവ്**

കപ്പലണ്ടിത്തോടുകളും കരിഞ്ഞ സിഗരറ്റുതുണ്ടുകളും ചിതറിക്കിടക്കുന്ന ദൽഹിയിലെ നടപ്പാതയിലൂടെ പോകുമ്പോൾ വീതിയുള്ള നിരത്തിൽ ഒരു പൂവ് വീണുകിടക്കുന്നതു കൊണ്ട്, അയാൾ സാഹസപ്പെട്ട് അത് കുനിഞ്ഞെടുത്ത് ദൂരെ ഒരു ഞാവൽമരത്തിനു ചുവട്ടിൽ ചെന്നുനിന്ന് മണത്തുനോക്കി. അതിന് പെട്രോളിന്റെ മണമായിരുന്നു. അപ്പോൾ അയാൾ താൻ കുട്ടിക്കാലം വേലിപ്പടർപ്പിൽ നിന്നും അരിപ്പൂവുകൾ പറിച്ച് മണക്കാറുള്ളത് ഓർത്തു. ആ അരിപ്പൂവുകൾക്ക് നറുമണമായിരുന്നു.

പെട്രോളിന്റെ മണമുണ്ടെങ്കിലും മരണം വിതച്ചുകൊണ്ട് തലങ്ങും വിലങ്ങും ഓടുന്ന വാഹനങ്ങളുടെ കറങ്ങുന്ന ചക്രങ്ങൾക്കിടയിൽ നിന്ന് ആ പൂവിനെ തനിക്കു രക്ഷിക്കുവാൻ കഴിഞ്ഞ ചാരിതാർഥ്യത്തോടെ അതിനെ തന്റെ ഷർട്ടിന്റെ കുടുക്കിൻ ദ്വാരത്തിൽ തിരുകി വച്ച് അയാൾ തലകുനിച്ചു നടന്നുപോയി.

– **എം. മുകുന്ദൻ**